ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ജനപ്രിയ പ്രഖ്യാപനങ്ങളുമായി കേന്ദ്രബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ അവതരിപ്പിച്ചു. കർഷകക്ഷേമത്തിനും, തൊഴിൽ മേഖലയ്ക്കും ബജറ്റിൽ പ്രത്യേക പ്രാധാന്യം.

Finance Minister Nirmala Sitharaman presents first Union Budget of NDA Government's third term in Parliament. Budget gives special focus to Agriculture and Employment sectors.

2). യുവജനങ്ങൾക്ക് തൊഴിലും, നൈപുണ്യ വികസനവും ഉറപ്പുവരുത്താൻ പ്രത്യേക പാക്കേജ്. കാർഷിക മേഖലയ്ക്കായി 1.52 ലക്ഷം കോടി രൂപ വകയിരുത്തി.

Budget announced Prime Minister's package of five schemes and initiatives to facilitate employment and skilling opportunities for more than four crore youth. 1.52 lakh crore has been allocated for agriculture and allied sector.

3). മുദ്രാ വായ്പാ തുക 10 ലക്ഷത്തിൽ നിന്നും 20 ലക്ഷമായി ഉയർത്തും. പ്രധാൻ മന്ത്രി ആവാസ് യോജന 2.0 യിലൂടെ ഒരു കോടി കുടുംബങ്ങൾക്ക് വീടുവച്ച് നൽകും. ബിഹാറിനും ആന്ധ്രാപ്രദേശിനുമായി പ്രത്യേക വികസന പദ്ധതികൾ.

Mudra loan amount will be increased from 10 lakhs to 20 lakhs. Through Pradhan Mantri Awas Yojana 2.0, houses will be provided to one crore families. Special Development Schemes announced for Bihar and Andhra Pradesh.

4). **ആദായ നികുതിഘടനയിൽ സമഗ്ര പരിഷ്കരണം കൊണ്ടുവരും. പുതിയ ആദായ നികുതി സമ്പ്രദായത്തിനു കീഴിൽ നിരവധി ആനുകൂല്യങ്ങൾ. ആദായ നികുതി റിട്ടേൺ വൈകിയാൽ ക്രിമിനൽ നടപടികൾ സ്വീകരിക്കില്ല.**

**Government revises tax rate structure for new tax regime; Income up to 3 lakh rupees to attract no tax. In a relief to taxpayers, Standard Deduction for salaried employees increased from 50 thousand rupees to 75 rupees under new tax regime.**

5). **ക്യാൻസർ ചികിത്സയ്ക്കുള്ള മൂന്ന് മരുന്നുകളുടെ കസ്റ്റംസ് തീരുവ കേന്ദ്രബജറ്റ് ഒഴിവാക്കി.**

**Government proposes to fully exempt three more medicines from customs duties.**

*******************************************************

## BUDGET GENERAL

കാർഷിക മേഖല, അടിസ്ഥാനസൗകര്യ വികസനം, തൊഴിൽ എന്നിവയ്ക്ക് പ്രത്യേക പാധാന്യം നൽകിക്കൊണ്ട് 2024-25 സാമ്പത്തിക വർഷത്തെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ അവതരിപ്പിച്ചു. ആഗോള സമ്പദ് രംഗം അനിശ്ചിതാവസ്ഥ നേരിടുന്നതിനിടയിലും ഇന്ത്യൻ സമ്പദ് വ്യവസ്ഥ തിളക്കത്തോടെ വളർച്ച തുടർന്നതായി ധനമന്ത്രി പാർലമെൻറിൽ പറഞ്ഞു. കർഷകർ, പാവപ്പെട്ടവർ, വനിതകൾ, യുവജനങ്ങൾ എന്നീ നാല് വിഭാഗങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ് കേന്ദ്ര ബജറ്റ്. തൊഴിൽ, നൈപുണ്യവികസനം, എംഎസ്എംഇ, മധ്യവർഗ്ഗ ക്ഷേമം എന്നിവയ്ക്കും ബജറ്റ് ഊന്നൽ നൽകുന്നു.
കാർഷികോത്പാദനം, തൊഴിൽ, നൈപുണ്യവികസനം, നിർമാണ-സേവന മേഖലകൾ, അടിസ്ഥാനസൗകര്യ വികസനം, മാനവ ശേഷി വികസനം, സാമൂഹിക നീതി, ഊർജ്ജ സുരക്ഷ തുടങ്ങി 9 മേഖലകൾ കേന്ദ്രീകരിച്ചാവും സർക്കാരിൻറെ പ്രവർത്തനമെന്നും ബജറ്റിൽ വ്യക്തമാക്കുന്നു.

*******************************************************

## BUDGET - FARMERS - (INTRO)

പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന 5 വർഷത്തേക്ക് കൂടി നീട്ടിയതായും 80 കോടി ജനങ്ങൾക്ക് ഇതിൻറെ പ്രയോജനം ലഭിച്ചതായും ധനമന്ത്രി നിർമല സീതാരാമൻ അറിയിച്ചു. കൃഷി, കാർഷിക അനുബന്ധ മേഖലകൾക്കായി 1.52 ലക്ഷം കോടി രൂപയും ബജറ്റിൽ വകയിരുത്തി. കാലാവസ്ഥാ വെല്ലുവിളികളെ അതിജീവിക്കുന്ന 109 ഇനം കാർഷിക വിളകൾ പുറത്തിറക്കുമെന്നും ധനമന്ത്രി അറിയിച്ചു. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് പ്രത്യേക പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ട്.
അടുത്ത രണ്ടു വർഷത്തിൽ ഒരു കോടി കർഷകരെ ജൈവ കൃഷിയിലേക്ക് എത്തിക്കും. പയർ വർഗങ്ങൾ, എണ്ണക്കുരുക്കുൾ എന്നിവയുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകും. കർഷക സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയുടെ പിന്തുണയോടെ വിതരണ ശൃംഖല മെച്ചപ്പെടുത്തും. അഞ്ച് സംസ്ഥാനങ്ങളിൽ കൂടി കിസാൻ ക്രെഡിറ്റ് കാർഡ് വ്യാപിപ്പിക്കും. കാർഷിക മേഖലയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയും വികസിപ്പിക്കും. ഡിജിറ്റൽ കാർഷിക സർവേ 400 ജില്ലകളിൽ നടപ്പാക്കും. കാർഷിക മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

(ഹോൾഡ്.................)

**********************************************************

## BUDGET - EMPLOYMENT, SKILL - (INTRO)

രാജ്യത്തെ യുവജനങ്ങളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് അതീവ പ്രാധാന്യമാണ് കേന്ദ്രബജറ്റിൽ നൽകിയിരിക്കുന്നത്. 4.1 കോടി യുവജനങ്ങൾക്ക് തൊഴിലും, നൈപുണ്യ വികസനവും ഉറപ്പുവരുത്താൻ പ്രധാനമന്ത്രിയുടെ പ്രത്യേക പാക്കേജിൻറെ ഭാഗമായി 2 ലക്ഷം കോടി രൂപയുടെ 5

പദ്ധതികളും ബജറ്റിൽ പ്രഖ്യാപിച്ചു. വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനുമായി 1.48 ലക്ഷം കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**വിശദാംശങ്ങളിലേക്ക്......**

തൊഴിൽ അനുബന്ധ ആനുകൂല്യങ്ങൾ നൽകുന്നതിനായി പ്രധാനമന്ത്രിയുടെ പാക്കേജിലൂടെ മൂന്ന് പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചു. പുതിയതായി തൊഴിൽസേനയുടെ ഭാഗമാകുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങളും കേന്ദ്രം ഉറപ്പുനൽകുന്നു. ഇപിഎഫ് അംഗത്വമെടുക്കുന്നവർക്ക് ഒരു മാസത്തെ വേതനം പാരിതോഷികമായി നൽകും. 15,000 രൂപ വരെയാണ് മൂന്ന് തവണകളായി നൽകുന്നത്.
തൊഴിൽസേനയുടെ ഭാഗമായ ശേഷമുള്ള ആദ്യ നാല് വർഷങ്ങളിൽ തൊഴിലാളിയ്ക്കും, തൊഴിലുടമയ്ക്കും നേരിട്ട് ആനുകൂല്യം കൈമാറും. മുദ്രാ ലോൺ പരിധി 20 ലക്ഷമാക്കി ഉയർത്തുമെന്നും ധനമന്ത്രി പ്രഖ്യാപിച്ചു. നിർമാണ മേഖലയിൽ കൂടുതൽ തൊഴിൽ സൃഷ്ടിക്കാനും ബജറ്റ് ലക്ഷ്യമിടുന്നു. 30 ലക്ഷം യുവാക്കൾക്ക് ഇതിൻറെ പ്രയോജനം ലഭിക്കും. തൊഴിൽസേനയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ വർക്കിങ് വിമൻസ് ഹോസ്റ്റലുകളും നിർമിക്കും. വ്യാവസായിക രംഗത്തെ തൊഴിലാളികൾക്കായി വാടകവീടിനും, ഡോർമിറ്ററിയ്ക്കും സൗകര്യമൊരുക്കും. രാജ്യത്തെ ഒരു കോടി യുവജനങ്ങൾക്ക് അടുത്ത 5 വർഷത്തിനിടെ ഇൻറേൺഷിപ്പിന് 500 മുൻനിര കമ്പനികളിൽ അവസരമൊരുക്കുമെന്നും ധനമന്ത്രി അറിയിച്ചു.
ന്യൂസ് ഡസ്ക്, ആകാശവാണി...

********************************************************

**BUDGET – INFRASTRUCTURE**

അടിസ്ഥാന സൗകര്യ വികസനത്തിന് 11 ലക്ഷത്തി 11,111 കോടി രൂപ മൂലധന നിക്ഷേപം കേന്ദ്രം വകയിരുത്തി. ഇത് മൊത്ത ആഭ്യന്തര ഉത്പാദനത്തിൻറെ 3.4 ശതമാനമാണ്. സംസ്ഥാനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് നൽകുന്ന ദീർഘകാല പലിശ രഹിത വായ്പ തുടരുമെന്നും ധനമന്ത്രി അറിയിച്ചു. 1.5 ലക്ഷം കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനങ്ങൾക്ക് വകയിരുത്തി. ദേശീയ വ്യാവസായിക വികസന ഇടനാഴി പദ്ധതിക്ക് കീഴിൽ 12 വ്യാവസായിക പാർക്കുകൾ ആരംഭിക്കും. 100 നഗരങ്ങളിൽ വ്യാവസായിക പാർക്കുകൾ വികസിപ്പിക്കും. പി എം ആവാസ് യോജനയിലൂടെ മൂന്ന് കോടി വീടുകൾ കൂടി നിർമ്മിച്ചു നൽകും. 2.66 ലക്ഷം കോടി രൂപ ഗ്രാമീണ വികസനത്തിന് വകയിരുത്തി. പ്രധാൻമന്ത്രി ഗ്രാം സഡക് യോജന നാലാം ഘട്ടം ആരംഭിക്കും. പദ്ധതിയിലൂടെ 25,000 ഗ്രാമീണ റോഡുകൾ നവീകരിക്കും. . തിരഞ്ഞെടുത്ത നഗരങ്ങളിൽ ആഴ്ച തോറും പ്രവർത്തിക്കുന്ന STREET FOOD ഹബ്ബുകൾ ആരംഭിക്കും. 30 ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള 14 വൻ നഗരങ്ങളിൽ ട്രാൻസിറ്റ് ഓറിയൻ്റഡ് ഡെവലപ്മെൻ്റ് പ്ലാനുകൾ നടപ്പാക്കും. പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി ഒരുകോടി വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കും. ഇടക്കാല ബജറ്റിൽ പദ്ധതി പ്രഖ്യാപിച്ചതിന് ശേഷം രണ്ട് കോടിയിലധികം പേരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തതെന്നും ധനമന്ത്രി പറഞ്ഞു. വികസനം ലക്ഷ്യമിട്ട് ദേശീയ സഹകരണ നയം കൊണ്ടുവരുമെന്നും ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു.

*******************************************************

## BUDGET – EDUCATION

രാജ്യത്ത് ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പ അനുവദിക്കുമെന്നും ധനമന്ത്രി അറിയിച്ചു. ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് ഇത് പ്രയോജനകരമാവും. മൂന്ന് ശതമാനം പലിശ ഇളവിലാണ് വായ്പ ലഭ്യമാക്കുക. 25,000 വിദ്യാർത്ഥികൾക്ക് പ്രതിവർഷം ഗുണം ലഭിക്കുന്ന തരത്തിൽ മോഡൽ സ്കിൽ ലോൺ പദ്ധതി വ്യാപിപ്പിക്കും.

*******************************************************

## BUDGET – FISCAL DEFICIT

ബജറ്റിലൂടെ 32.07 ലക്ഷം കോടിയുടെ വായ്പേതര വരുമാനമാണ് കേന്ദ്രസർക്കാർ പ്രതീക്ഷിക്കുന്നത്. 48.2 ലക്ഷം കോടി രൂപയാണ് മൊത്തം ചെലവ്. നികുതി വരുമാനം 25.83 ലക്ഷം കോടി രൂപ പ്രതീക്ഷിക്കുന്നു. ധനക്കമ്മി ജി.ഡി.പിയുടെ 4.9 ശതമാനമാണ് കണക്കാക്കുന്നത്. അടുത്ത വർഷം ധനക്കമ്മി 4.5 ശതമാനം ആക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും ധനമന്ത്രി പറഞ്ഞു. പ്രതിരോധ മേഖലയ്ക്ക് 6.21 ലക്ഷം കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയത്. മൊത്തം ബജറ്റിൻറെ എട്ട് ശതമാനമാണ് പ്രതിരോധ വിഹിതം. സബ്സിഡികൾക്കായി വരുമാനത്തിൻറെ ആറ് ശതമാനം വിനിയോഗിക്കും.

*******************************************************

## ANDHRA BIHAR

ബിഹാറിനും ആന്ധ്രാപ്രദേശിനുമായി പ്രത്യേക വികസന പദ്ധതികളും ബജറ്റിൽ പ്രഖ്യാപിച്ചു. ആന്ധ്രാപ്രദേശിൽ പുതിയ വിമാനത്താവളങ്ങളും, മെഡിക്കൽ കോളേജുകളും വികസിപ്പിക്കുമെന്ന് ധനമന്ത്രി വ്യക്തമാക്കി. കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനവും സംസ്ഥാനത്ത് ഉറപ്പുവരുത്തും. പ്രളയ സാഹചര്യം നേരിടുന്നതിന് ബിഹാറിന് 11,500 കോടി

രൂപയും ബജറ്റിൽ അനുവദിച്ചു. ആന്ധ്രാപ്രദേശിന് പുതിയ തലസ്ഥാനം രൂപീകരിക്കുന്നതിനായി പ്രത്യേക ധനസഹായവും ധനമന്ത്രി പ്രഖ്യാപിച്ചു. 15,000 കോടി രൂപ ഇതിനായി ഈ സാമ്പത്തിക വർഷം ലഭ്യമാക്കും. ആന്ധ്രയിലെ കർഷകർക്ക് ഏറെ ഗുണകരമാകുന്ന പോളാവരം പദ്ധതി വേഗത്തിൽ പൂർത്തിയാക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി. ഉത്തരാഖണ്ഡിനും, സിക്കിമിനും മണ്ണിടിച്ചിൽ സാഹചര്യം നേരിടാൻ പ്രത്യേക സഹായവും ബജറ്റിൽ വകയിരുത്തി.

************************************************************

**BUDGET – INCOME TAX – (INTRO)**

പുതിയ രീതിയിലുള്ള ആദായ നികുതി നിർണയ സമ്പ്രദായത്തിനു കീഴിൽ കൂടുതൽ ഇളവുകളും ധനമന്ത്രി പ്രഖ്യാപിച്ചു. പുതിയ സംവിധാനത്തിനു കീഴിലെ ആദായ സ്ലാബുകളും പരിഷ്കരിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡ് ഡിഡക്ഷൻ 50,000-ത്തിൽ നിന്ന് 75,000 ആക്കി. മൂന്ന് ലക്ഷം വരെ വാർഷിക വരുമാനമുള്ളവർക്ക് നികുതിയില്ല. പെൻഷൻകാർക്കുള്ള കുടുംബ പെൻഷൻറെ നികുതിയിളവ് 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തി.

**(ഹോൾഡ്.................)**

ആദായ നികുതി നിയമത്തിൽ സമഗ്ര പരിഷ്കരണം വരുത്തുമെന്നും ധനമന്ത്രി അറിയിച്ചു. ആദായ നികുതി റിട്ടേൺ വൈകിയാൽ ക്രിമിനൽ നടപടികൾ സ്വീകരിക്കില്ല. വിദേശ സ്ഥാപനങ്ങൾക്കുള്ള കോർപ്പറേറ്റ് നികുതി 35 ശതമാനമാക്കി കുറച്ചു. എല്ലാ വിഭാഗം നിക്ഷേപകർക്കുമുള്ള ഏഞ്ചൽ ടാക്സ് നിർത്തലാക്കുമെന്നും ധനമന്ത്രി അറിയിച്ചു.

************************************************************

## BUDGET – CUSTOMS DUTY

ക്യാൻസർ ചികിത്സയ്ക്കുള്ള മൂന്ന് മരുന്നുകളുടെ കസ്റ്റംസ് തീരുവ കേന്ദ്രബജറ്റ് ഒഴിവാക്കി. മൊബൈൽ ഫോൺ, ചാർജറുകൾ തുടങ്ങിയവയുടെ തീരുവ 15 ശതമായി കുറച്ചിട്ടുണ്ട്. സ്വർണ്ണം. വെള്ളി തുടങ്ങിയ വിലപിടിപ്പുള്ള ലോഹങ്ങളുടെ കസ്റ്റംസ് തീരുവ 6 ശതമാനമായി കുറച്ചു. പ്ലാറ്റിനത്തിൻറെ തീരുവ 6.4 ശതമാനമാക്കി. തുണി, തുകൽ ഉത്പന്നങ്ങൾ തുടങ്ങിയവയുടെ കസ്റ്റംസ് തീരുവയും കുറച്ചു. അതെസമയം, പ്ലാസ്റ്റിക്, ഫ്ലെക്സ്, പി വി സി തുടങ്ങിയവയുടെ ഇറക്കുമതി കുറയ്ക്കുന്നതിൻറെ ഭാഗമായി തീരുവ 10 ശതമാനത്തിൽ നിന്ന് 25 ശതമാനമായി ഉയർത്തി. അമോണിയം നൈട്രേറ്റിൻറെ തീരുവ 7.5 ശതമാനത്തിൽ നിന്ന് 10 ശതമാനമായും വർദ്ധിപ്പിച്ചു.

*****************************************************

## WOMEN –YOUTH AND TRIBAL

തൊഴിൽ ചെയ്യുന്ന അമ്മമാർക്ക് ആശ്വാസമായി രാജ്യത്ത് കൂടുതൽ ക്രഷുകൾ ആരംഭിക്കും. തൊഴിൽ സാധ്യത വർധിപ്പിക്കാൻ സ്ത്രീകൾക്കായി പ്രത്യേക നൈപുണ്യ പരിശീലന കേന്ദ്രങ്ങൾക്ക് രൂപം നൽകും. ആദിവാസി വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പി.എം ജൻ ജാതീയ ഉന്നത് ഗ്രാമ അഭിയാന് തുടക്കം കുറിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

*****************************************************

*****************************************************

********